**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6613** **11-11-2021 - ൽ മറുപടിയ്ക്ക്**

**മൊഗ്രാൽപുത്തൂരിലെ സർക്കാർ ടെക്നിക്കൽ ഹൈസ്കൂൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എൻ എ നെല്ലിക്കുന്ന് | | **Dr. R. Bindu**<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | കാസർഗോഡ് നിയോജക മണ്ഡലത്തിലെ മൊഗ്രാൽപുത്തൂരിൽ പ്രവർത്തിക്കുന്ന സർക്കാർ ടെക്നിക്കൽ ഹൈസ്കൂളിലെ അധ്യാപകരുടെയും കുട്ടികളുടെയും എണ്ണം എത്രയെന്ന് വ്യക്തമാക്കാമോ; | (എ) | കാസർഗോഡ് നിയോജക മണ്ഡലത്തിലെ മൊഗ്രാൽപുത്തൂരിൽ പ്രവർത്തിക്കുന്ന സർക്കാർ ടെക്നിക്കൽ ഹൈസ്കൂളിൽ നിലവിൽ 29 അദ്ധ്യാപകരും, 136 കുട്ടികളുമാണ് ഉള്ളത്. |
| (ബി) | പ്രസ്തുത സ്ഥാപനത്തിൽ ഏതെല്ലാം ബ്രാഞ്ചുകളുണ്ടെന്ന് വ്യക്തമാക്കാമോ; | (ബി) | പ്രസ്തുത സ്ഥാപനത്തിൽ ഫിറ്റിംഗ്, വെൽഡിംഗ്, ഇലക്ട്രിക്കൽ വയറിംഗ് & മെയിൻറനൻസ് ഓഫ് ഡൊമസ്റ്റിക് അപ്ലയൻസ്, ഇലക്ട്രോണിക്സ് എന്നീ നാല്വ ബ്രാഞ്ചുകളാണ് നിലവിൽ ഉള്ളത്. |
| (സി) | പ്രസ്തുത സ്കൂളിന്റെ കെട്ടിടം ഏത് വർഷം എത്ര രൂപ ചെലവാക്കി നിർമ്മിച്ചുവെന്ന് വ്യക്തമാക്കാമോ; | (സി) | പ്രസ്തുത സ്കൂളിന്റെ കെട്ടിടം 2005 ൽ ആകെ മൊത്തം 41,37,711/- രൂപ (നാൽപ്പത്തിയൊന്ന് ലക്ഷത്തി മുപ്പത്തിയേഴായിരത്തി എഴുന്നൂറ്റി പതിനൊന്നു രൂപ മാത്രം) ചെലവാക്കിയാണ് നിർമ്മിച്ചത്. |
| (ഡി) | പ്രസ്തുത സ്ഥാപനത്തിലുള്ള അടിസ്ഥാനസൗകര്യങ്ങൾ എന്തൊക്കെയെന്നും കുറവുകൾ എന്തൊക്കെയെന്നും വിശദീകരിക്കാമോ; | (ഡി) | നിലവിൽ ചുറ്റമതിൽ, ക്ലാസ് റൂമുകളിലെ ടൈൽ, ഓഫീസ് ക്യാബിൻ, സ്കൂൾ മുറ്റത്തെ ഇന്റർലോക്ക്, അടുക്കള, ഭക്ഷണശാല, കളിസ്ഥലം തുടങ്ങിയവ ഒഴികെ മറ്റ് അടിസ്ഥാന സൗകര്യങ്ങളുണ്ട്. |
| (ഇ) | സ്റ്റാഫ് ക്വാർട്ടേഴ്സ്, ലൈബ്രറി, കാന്റീൻ എന്നിവ നിർമ്മിക്കുന്നതിന് ഫണ്ട് അനുവദിച്ചിട്ടുണ്ടോ; എങ്കിൽ എത്ര തുക എപ്പോൾ അനുവദിച്ചുവെന്ന് വ്യക്തമാക്കാമോ; | (ഇ) | സ്റ്റാഫ് ക്വാർട്ടേഴ്സ്, ലൈബ്രറി, ക്യാന്റീൻ, ആഡിറ്റോറിയം എന്നിവ നിർമ്മിക്കുന്നതിന് 16.03.2020 ലെ GO(Rt) No. 442/2020/HEDN സർക്കാർ ഉത്തരവ് പ്രകാരം 6,68,88,460/- രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. എന്നാൽ 30.05.2020ലെ GO (Rt) No. 696/2020/HEDN സർക്കാർ ഉത്തരവ് പ്രകാരം മിനി ആഡിറ്റോറിയത്തിന്റെ നിർമ്മാണത്തിന് അനുവദിച്ചിരുന്ന 1,11,23,541/- രൂപ ഒഴിവാക്കിക്കൊണ്ട് പുതുക്കിയ ഭരണാനുമതി നൽകി ഉത്തരവായിട്ടുണ്ട്. |
| (എഫ്) | മേൽപ്പറഞ്ഞ കരാർ ആരെയാണ് | (എഫ്) | 16.03.2020 ലെ GO(Rt) No. 442/2020/HEDN |

| | | | |
|---|---|---|---|
| | ഏൽപ്പിച്ചിട്ടുള്ളതെന്നും പണി തുടങ്ങാത്തതിന്റെ കാരണം എന്തെന്നും വിശദമാക്കാമോ? | | സർക്കാർ ഉത്തരവ് പ്രകാരം നിർമ്മാണ പ്രവൃത്തികൾക്കായി KITCO Ltd–നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത വർക്കിന്റെ ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു. |

സെക്ഷൻ ഓഫീസർ